**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നമ്പർ.എസിഡി.സി3/2087/2012/എച്ച്.എസ്.ഇ. തീയതി : 08.04.2014

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സ്വാശ്രയം - സർക്കാർ അനുമതിയില്ലാതെ അധിക ബാച്ചുകൾ, വിഷയങ്ങൾ ആരംഭിക്കുക - അനധികൃത വിദ്യാർത്ഥി പ്രവേശനം നൽകുക എന്നിവ - സംബന്ധിച്ച് -

സംസ്ഥാനത്തെ സ്വാശ്രയ ഹയർസെക്കന്ററി സ്കൂളുകളിൽ സർക്കാർ അനുമതിയില്ലാതെ പുതിയ ബാച്ചുകൾ ആരംഭിക്കുന്നതായും, നിലവിലുള്ള ബാച്ചുകളിൽ അനുവദനീയമായതിൽ കൂടുതൽ സീറ്റുകളിൽ അഡ്മിഷൻ നടത്തുന്നതായും ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുക, നിലവിലുള്ള ബാച്ചുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കുക, പുതിയ രണ്ടാം ഭാഷ അനുവദിക്കുക എന്നിവ പൂർണ്ണമായും സർക്കാരിന്റെ അധികാര പരിധിയിലുള്ള വിഷയങ്ങളാണ്. സർക്കാരിന്റെ അനുമതിയില്ലാതെ പുതിയ ബാച്ചുകൾ ആരംഭിക്കുക, നിലവിലുള്ള ബാച്ചുകളിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സീറ്റുകളിൽ പ്രവേശനം നൽകുക, പുതിയ രണ്ടാം ഭാഷകൾ ആരംഭിക്കുക എന്നിവ ഗുരുതരമായ ക്രമക്കേടാണ്. ഇത്തരത്തിൽ സർക്കാർ അനുമതിയില്ലാതെ ആരംഭിക്കുന്ന ബാച്ചുകൾക്കും വിഷയങ്ങൾക്കും നിലവിലുള്ള ബാച്ചുകളിൽ നിയമാനുസൃതം അനുവദിച്ചിട്ടുള്ള സീറ്റുകളേക്കാൾ കൂടുതലായി നടത്തപ്പെടുന്ന പ്രവേശനങ്ങൾക്കും പിന്നീട് അംഗീകാരം നൽകുന്നതല്ല എന്നറിയിക്കുന്നു. അതോടൊപ്പം ഇത്തരം ക്രമക്കേടുകൾ ഗൗരവമായി വീക്ഷിക്കപ്പെടുന്നതും ആവശ്യമായ നിയമനടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

ഡയറക്ടർ i/c

പകർപ്പ് : എല്ലാ അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ മാനേജർമാർക്കും, പ്രിൻസിപ്പൾമാർക്കും
(dhsekerala.gov.in പോർട്ടൽ മുഖാന്തിരം)

23/Jay/19.04.14